ഇറക്കുമതി ചെയ്ത് സ്ഥാപിക്കുന്നതിനുവേണ്ടി ആഗോള ടെണ്ടർ (ഐ.സി.ബി) ക്ഷണിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ മെഷീനറികൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. എത്രയും വേഗം തന്നെ മെഷിനറികൾ ഇറക്കുമതി ചെയ്ത് സ്ഥാപിച്ച് വലനിർമ്മാണ ശാലയുടെ ആദ്യഘട്ട നവീകരണ പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

ദുരിതാശ്വാസ കേന്ദ്രങ്ങളിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

115 (4450) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരം കടൽ എടുത്തതിനാൽ വീടും സ്ഥലവും നഷ്ടപ്പെട്ട് വിവിധ ക്യാമ്പുകളിലായി കഴിയുന്ന അമ്പലപ്പുഴ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ ശിശുവിഹാർ വണ്ടാനം, കരിനില വികസന ഏജൻസി പുറക്കാട്, എസ്.വി.ഡി.യു.പി സ്കൂൾ പുറക്കാട്, റെയിൽവേ പുറംപോക്ക് വണ്ടാനം, വാടക വീടുകൾ എന്നിവിടങ്ങളിൽ എത്ര കുടുംബങ്ങൾ വീടും സ്ഥലവുമില്ലാതെ കഴിയുന്നു ; അവരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ ;

(സി) ക്യാമ്പ് നിവാസികൾക്ക് പ്രാഥമിക കാര്യം നിർവ്വഹിക്കുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കുമോ ; ഇവർക്ക് സൗജന്യ റേഷൻ മുടക്കം കൂടാതെ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ദുരിതാശ്വാസം സംബന്ധിച്ച പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത് റവന്യൂ വകുപ്പാണ്. അമ്പലപ്പുഴ, പുറക്കാട്, പുന്നപ്ര മേഖലകളിൽ കടലാക്രമണം മൂലം വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഭൂമി നൽകുന്നതിനായി റവന്യൂ വകുപ്പ് വഴി നടപടികൾ സ്വീകരിച്ചുവരുന്നു. പുറക്കാട്, പുന്നപ്ര മേഖലകളിൽ കടലാക്രമണം മൂലം വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് വഴി ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സ്പെഷ്യൽ കേസായി പരിഗണിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ശിശുവിഹാർ, വണ്ടാനം :

9 കുടുംബങ്ങൾ താമസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പേരും മേൽവിലാസവും
1	മനോജ്, പുതുവൽ, വണ്ടാനം.
2	സിദ്ധാർത്ഥൻ, പുതുവൽ, വണ്ടാനം.
3	ലിജി, പുതുവൽ, വണ്ടാനം.
4	രമേശൻ, പുതുവൽ, വണ്ടാനം.
5	അജീവ്, പുതുവൽ, വണ്ടാനം.
6	അനിൽകുമാർ, പുതുവൽ, വണ്ടാനം.
7	പൊന്നപ്പൻ കെ. വി., പുതുവൽ, വണ്ടാനം.
8	ശ്യാമള, പുതുവൽ, വണ്ടാനം.
9	ചന്ദ്രിക, വൃക്ഷവിലാസം തോപ്പ്, വണ്ടാനം.

കരിനില വികസന ഏജൻസി, പുറക്കാട് :

11 കുടുംബങ്ങൾ താമസിക്കുന്നു.

ക്രമ നം.	പേരും മേൽവിലാസവും
1	മുരുകൻ, പുതുവൽ, തൈപ്പറമ്പ്
2	ശിവാനി ശശി, പുത്തൻപറമ്പ്, കരുർ
3	സുധാകരൻ, പുതുവൽ, കരുർ
4	അജിതാ പ്രദീപ്, പുതുവൽ, കരുർ
5	ഭാസി, പുതുവൽ
6	തുളസീധരൻ, പുതുവൽ,
7	പൊന്നൻ, പുതുവൽ
8	ഉഷ അഷറഫ്, പുതുവൽ,
9	സന്തോഷ്കുമാർ, പുതുവൽ
10	പ്രഭാകരൻ, നടുവിലെ മഠത്തിൽ പറമ്പ്
11	സുരേഷ്, പുതുവൽ

LIBRARY ARCHIVES Kerala Legislative Assembly

എസ്.വി.ഡി.യു.പി. സ്കൂൾ, പൂറക്കാട് :

നിലവിൽ ദുരിതാശ്വാസ ക്യാമ്പിൽ ആരും താമസിക്കുന്നില്ല.

റെയിൽവേ പുറമ്പോക്ക്, വണ്ടാനം (റവന്യൂ വകുപ്പ് നേരിട്ട് നടത്തുന്ന ക്യാമ്പ് അല്ല)

8 കുടുംബങ്ങൾ താമസിക്കുന്നു.

ക്രമ നമ്പർ	പേരും മേൽവിലാസവും
1	രെജിമോൻ, സൂരജ് ഭവനം, നീർക്കുന്നം
2	ജ്ഞാന സുന്ദരൻ, തറയിൽ, നീർക്കുന്നം
3	അംബുജാക്ഷൻ, പുതുവൽ, നീർക്കുന്നം
4	ഷിജിമോൻ, പുതുവൽ, നീർക്കുന്നം
5	ഫാത്തിമകഞ്ഞ്, പുതുവൽ, നീർക്കുന്നം
6	ജിനീഷ് തറയിൽ, നീർക്കുന്നം
7	സന്തോഷ്, പുതുവൽ, കൈതവളപ്പ്
8	രാജേന്ദ്രൻ, കൈതവളപ്പ്

വാടകവീടുകൾ :- ആരും താമസിക്കുന്നില്ല.

(സി) ക്യാമ്പ് നിവാസികൾക്ക് റവന്യൂ അധികാരികൾ ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. കൂടാതെ റവന്യൂ വകുപ്പ് നടത്തുന്ന ദുരിതാശ്വാസ ക്യാമ്പിൽ താമസിക്കുന്നവർക്ക് സർക്കാർ ചെലവിൽ ഭക്ഷണം നൽകുന്നുണ്ട്.

പോളപ്പായൽ കാരണമുണ്ടാകുന്ന പ്രതിസന്ധി

116 (4451) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ കായലുകളിൽ പോളപ്പായൽ അടിയുന്നതുമൂലം മത്സ്യ തൊഴിലാളികൾക്ക് മീൻപിടിക്കാനോ, വള്ളമിറക്കാനോ പറ്റാത്ത അവസ്ഥയാണുള്ളതെന്നും ഇതുമൂലം അവരുടെ ജീവിതം പ്രതിസന്ധിയിലാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവിതമാർഗ്ഗം അടയുകയും കടുംബങ്ങൾ പട്ടിണിയാകുകയും ചെയ്യുന്ന പ്രസ്തുത സാഹചര്യത്തിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?